LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

266 (T3702) ശ്രീ. കെ. കുഞ്ഞമത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര രൂക വീതം അനുവദിച്ചു എന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ വിനോദസഞ്ചാര വികസന പദ്ധതിയുടെയും ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിന് 25 ലക്ഷംരൂപ അനുവദിച്ചതിൽ 10 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന്റെ കെട്ടിടം നിർമ്മിക്കുന്ന നടപടി

267 (3703) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന്റെ കെട്ടിടം നിർമ്മിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം 25% പൂർത്തിയായിട്ടുണ്ട്.

(ബി) CRZ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ, ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിഗണിക്കുന്നതാണ്.

ആപ്പാഞ്ചിറ കനാൽ ടൂറിസം

268 (3705) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതി സംബന്ധിച്ച ഫയൽ ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇക്കാര്യം സംബന്ധിച്ച് 18-3-2015-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതിയ്ക്ക് 21-5-2015-ലെ G.O.(Rt) No.180/2015/TSM പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കോട്ടയം ഡിറ്റിപിസി മുഖേന കോട്ടയം ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാലടിയിൽ ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടം

269 (3706) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടിയിൽ ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly